# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7529

17.07.2012 ൽ മറുപടിക്ക്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കണക്ക് പരിശോധനയ്ക്ക് സ്ക്വാഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ പരിശോധിക്കുവാൻ മിന്നൽ പരിശോധന സ്ക്വാഡുകൾ രൂപവല്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

എ) 4-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 2-ാം ഭാഗത്തെ റിപ്പോർട്ടിൻ പ്രകാരം ഓരോ മാസവും ഓരോ ജില്ലയിലും 10% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാഷ് ബുക്കുകൾ ആകസ്മികമായി പരിശോധിക്കുന്നതിന് സ്ക്വാഡുകൾ രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. 24.05.2012 ലെ ജി.ഒ. (എം.എസ്) നം. 298/2012/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അസിസ്റ്റന്റ് ഡയറക്ടറെയും ആകസ്മിക പരിശോധനയ്ക്ക് ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

ബി) സ്ക്വാഡുകളുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

ബി) എല്ലാ മാസവും ഓരോ ജില്ലയിലെയും 10% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാഷ് ബുക്കുകൾ ആകസ്മികമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും വകുപ്പ് അദ്ധ്യക്ഷൻമാർ (ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്) ത്രൈമാസികമായി സംസ്ഥാന ധനകാര്യ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുകയും വേണം. സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതാണ്. ഇതുമൂലം പ്രതിദിനം കാഷ് ബുക്കുകൾ ക്ലോസ് ചെയ്യാതെയിരിക്കുന്നതും കമ്പ്യൂട്ടർ വൽകൃത അക്കൗണ്ടിംഗിൽ വരവും ചെലവും ദിവസവും രേഖപ്പെടുത്താതിരിക്കുന്ന പ്രവണതയും ഒഴിവാക്കാൻ സാധിക്കും. |
| സി) | സ്ക്വാഡുകൾ കണ്ടെത്തുന്ന വീഴ്ചകളിന്മേലുള്ള തുടർനടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ? | സി) | സ്ക്വാഡുകൾ റിപ്പോർട്ട് ചെയ്യുന്ന വീഴ്ചകളിന്മേൽ ഇതര ഓഡിറ്റ് നടപടികളിൽ സ്വീകരിക്കുന്ന അതേ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ